കേരള കാർഷിക സർവ്വകലാശാല
കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ-680 651, തൃശ്ശൂർ, കേരള

സി.ആർ.എം(അക്കൗ.)/842/2022

തിയ്യതി: 30/06/2023

## ക്വട്ടേഷൻ നോട്ടീസ്

കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറയിലെ പഴയ ട്രാക്ടർ ഘടിത എയർ അസിസ്റ്റേഡ് മിസ്റ്റ് ബ്ലോവർ സ്പ്രെയർ ക്വട്ടേഷൻ/ലേലം വഴി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ താൽപര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ**

1. ക്വട്ടേഷൻ അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ് ഇൻചാർജ്ജ് കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ എന്ന മേൽവിലാസത്തിനു നൽകേണ്ടതാണ് . രേഖപ്പെടുത്തുന്ന തുക അക്ഷരത്തിലും അക്കത്തിലും എഴുതിയിരിക്കണം.

2. ക്വട്ടേഷനുകൾ 06/07/23 ന് രാവിലെ 11 മണിയ്ക്കു മുമ്പായി ഓഫീസിൽ എത്തിച്ചിരിക്കേണ്ടതും അന്നേ ദിവസം രാവിലെ 11.30 മണിയ്ക്കു അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ നിയമാനുസൃത നികുതി സഹിതം കേന്ദ്രത്തിന്റെ ലാഭനഷ്ടം കണക്കിലെടുത്ത് മാത്രം ഗവേഷണ മേധാവി ഉറപ്പിക്കുന്നതാണ്.
3. ക്വട്ടേഷൻ/ലേലം ലഭിച്ചയാൾ അപ്പോൾ തന്നെ മുഴുവൻ തുകയും അടച്ച് അന്നേ ദിവസം വൈകിട്ട് 4 മണിക്കു മുമ്പായി ട്രാക്ടർ ഘടിത എയർ അസിസ്റ്റേഡ് മിസ്റ്റ് ബ്ലോവർ സ്പ്രെയർ ഗവേഷണ മേധാവിയുടെ സാന്നിദ്ധ്യത്തിൽ നീക്കം ചെയ്യേണ്ടതാണ്. സാധന വിളകൾക്കു നാശനഷ്ടങ്ങൾ ഉണ്ടാവാതെ നീക്കം ചെയ്യുവാൻ ശ്രദ്ധിക്കണം. മറിച്ചു സംഭവിച്ചാൽ നഷ്ടപരിഹാരം ഈടാക്കുന്നതാണ്.

4. 18% ജി.എസ്.ടി അടക്കമുള്ള തുകയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.

5. ക്വട്ടേഷൻ കാരണം കാണിക്കാതെ മാറ്റിവെയ്ക്കുവാനോ നിരസിക്കുവാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന വ്യക്തിയിൽ അധിഷ്ഠിതമാണ്.

6. ക്വട്ടേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രാക്ടർ ഘടിത എയർ അസിസ്റ്റേഡ് മിസ്റ്റ് ബ്ലോവർ സ്പ്രെയർ 05/07/23 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ഗവേഷണ മേധാവിയുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി കാണാവുന്നതാണ്.

7. എല്ലാ സർക്കാർ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ **8848621184** എന്ന ഓഫീസ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ,

30/6/23

ഗവേഷണകേന്ദ്രം മേധാവി

CASHEW RESEARCH STATION
MADAKKATHARA
PIN-680 651
KERALA AGRICULTURAL UNIVERSITY

Assistant Professor & Head i/c
Cashew Research Station
Kerala Agricultural University
Madakkathara P. O., Thrissur-680 651